
# ..........................Expression ...........................




## Digital Magazine 2018-2019

# ആശംസ



നമ്മുടെ സ്കൂളിൽ  പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ കുട്ടികൾക്കും അവരുടെ പ്രവർത്തനങ്ങൾക്കും എല്ലാ വിധ ആശംസകളും നേരുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഹൈടെക്ക് സൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ ICT അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഹൈസ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുമാണ് ലിറ്റിൽ കൈറ്റ്സ് നിലവിൽ വന്നത.

ഈ അവസരത്തിൽ സെന്റ്. അഗസ്റ്റിൻസ് ലിറ്റിൽ കൈറ്റ്സിന്റെ 'Expression' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ വിജയാശംസകൾ. ഇവർക്ക് നേതൃത്വം നൽകിവരുന്ന അദ്ധ്യാപകർക്കും കൈറ്റ് ലീഡർമാരായ Joel Joseph, Arun Roy എന്നിവർക്കും ഈ അവരസത്തിൽ എന്റെ അഭിനന്ദങ്ങൾ അറിയിക്കുന്നു.

**സ്നേഹപൂർവ്വം,**
**ശ്രീ. സാബു ജോർജ് (Headmaster)**

# *അഗസ്റ്റീനിയൻ ഗീതം*

**********

**സക്രാരിയിൽ നിന്നും ഉയർന്ന ദീപം**
**സെൻറ് അഗസ്റ്റിൻസ് എന്ന വിദ്യാലയം**
**പഴമയും പെരുമയും കൈകോർത്തു ചേർന്നുനിന്നൊ-**
**രുമ പുലർത്തും ഈ വിദ്യാലയം**

**തലമുറകൾക്കു വെളിച്ചം പകർന്നൊരു**
**ഹരിതാഭമാകുമീ വിദ്യാലയം**
**മണ്ണിനെ വിണ്ണാക്കും നന്മ മനസ്സുകൾ**
**പുണ്യം ചൊരിയുമീ വിദ്യാലയം**

**സത്യവും നീതിയും സ്നേഹവും മൂല്യവും**
**ഹൃത്തിൽ സൂക്ഷിക്കും ഈ വിദ്യാലയം**
**മന്വന്തരങ്ങൾ കഴിഞ്ഞാലും**
**നിത്യം വിളങ്ങട്ടെ ഈ വിദ്യാലയം**

*- മിനിമോൾ ബി*

*(മലയാളം ടീച്ചർ )*

# സ്കൂൾ ലഘു ചരിത്രം

ആത്മീയ വിശുദ്ധിയുടെയും അക്ഷരസമൃദ്ധിയുടെയും പൊൻപ്രഭ ത്തുകുന്ന രാമപുരം കേരളത്തിലെ ഒരു സാംസ്കാരിക കേന്ദ്രമാണ്. പുണ്യപുരുഷനായ ശ്രീരാമചന്ദ്രന്റെ നാമധേയം കൊണ്ട് അലംകൃതമായ രാമപുരം! 'കുചേലവൃത്തം വഞ്ചിപ്പാട്ട്' എന്ന ഒറ്റകൃതി കൊണ്ട് മലയാളസാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ മഹാകവി രാമപുരത്തുവാര്യരുടെയും മലയാള ഭാഷയിലെ പ്രഥമയാത്രാവിവരണമായ 'വർത്തമാനപുസ്തക ത്തിന്റെ രചയിതാവ് പാറേമ്മാക്കൽ ഗോവർണ്ണദോറാച്ചന്റെയും 'അഗ്നിസാക്ഷി ' എന്ന നോവലിലൂടെ പ്രശസ്തയായ ലളിതാംബിക അന്തർജനത്തിന്റെയും പുണ്യശ്ലോകനായി വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെയും ജന്മംകൊണ്ടും ജീവിതംകൊണ്ടും ധന്യമായ രാമപുരത്തെ കേളികേട്ട സരസ്വതീ ക്ഷേത്രമാണ് രാമപുരം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂൾ.

**-തയ്യാറാക്കിയത് കുര്യൻ റോബർട്ട് 9A**



# കൊന്നില്ല, ലിക്വിഡേറ്റ് ചെയ്തു.

*അപ്രിയ സത്യം പറഞ്ഞ് മറ്റു*
*ള്ളവരുടെ അപ്രീതി സമ്പാദിക്കാ*
*തിരിക്കാൻ ഒരു വഴിയുണ്ട്. ആ*
*വഴി ഇംഗ്ലീഷിൽ യൂഫേമിസം.*
*(Euphemism) എന്ന് അറിയപ്പെടുന്നു.*
*മലയാളത്തിൽ ഇതിനെ വളച്ചു ചൊല്ല്*
*എന്നും പറയാം. നല്ലത് പറയുക എന്ന്*
*അർഥം വരുന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്*
*Euphemism എന്ന വാക്കിന്റെ പിറവി.*
*മരിച്ചു എന്ന വാക്കിനു പകരമായി ഇം*
*WeAlloo passed away, breathed his*
*ഗ്ലീഷിൽ passed away, breathed his*
*last, crossed the borders of time*
*തുടങ്ങിയ പ്രയോഗങ്ങൾ ഉപയോ*
*ഗിക്കാറില്ലേ. അവയൊക്കെയും*
*യൂഫേമിസത്തിന് ഉദാഹരണങ്ങളാണ്.*
*ഇങ്ങനെ പരുക്കനായ ഒരു വാക്കിനെ*
*സൗമ്യനാക്കി മാറ്റുന്ന മാജിക് ആണ്*
*യൂഫേമിസം.*

***–JERIN JIJO 9B***

**ആലപ്പുഴയിൽ വച്ച് നടന്ന സായസ്ഥാന സ്കൂൾ കലോത്സവത്തിൽ First A Grade നേടിയ കാർട്ടൂൺ**

**വരച്ചത് മാസ്റ്റർ ശ്രാവൺ ചന്ദ്രൻ 10B**



## സംസ്ഥാന IT മേളയിൽ ഡിജിറ്റൽ പെയിന്റിങ്ങിന് A ഗ്രേഡ് നേടിയ ചിത്രം



വരച്ചത് മാസ്റ്റർ ശ്രാവൺ ചന്ദ്രൻ 10B

IT നുറുങ്ങുകൾ

## സത്യമായും ഞാൻ ജനിച്ചിട്ടുണ്ട്.

സ്വന്തം ജനനസർട്ടിഫിക്കറ്റ് കണ്ടിട്ടുണ്ടോ
കൂട്ടുകാർ? അലമാരയുടെ താക്കോലൊന്നും തപ്പണ്ട ,
ബ്രൗസറൊന്നു തുറക്കേണ്ട കാ
ര്യമേയുള്ളൂ!
തദ്ദേശസ്വയംഭരണവകുപ്പിന്റെ സിവിൽ
രജിസ്ട്രേഷൻസ് പോർട്ടലായ 'സേവന' യിലാണ്
ജനന മരണ വിവാഹസർട്ടിഫിക്കറ്റുകൾ
ലഭിക്കുക. [lsgkerala.gov.in](lsgkerala.gov.in) ആണ് ഇതിന്റെ
വിലാസം. ഈ പേജിൽ കയറി ക്വിക് സേർച്ച്
ബട്ടൺ ക്ലിക്ക് ചെയ്യണം. സർട്ടിഫിക്കറ്റിന്റെ തരം
ബർത്ത് തന്നെയാണെന്നുറപ്പുവരുത്തിയ
ശേഷം ജില്ലയും പഞ്ചായത്തുമെല്ലാം
കൊടുക്കണം. നമ്മുടെ ജനനത്തീയതി,
അമ്മയുടെ പേര് എന്നിവയാണ് ഏറെ പ്രധാനപ്പെട്ടത് ,
ക്യാപ്ച്ച കോഡ് കൂടി പൂരിപ്പിച്ചശേഷം (സ്ക്രീനി
വാക്കാണന്ന അക്ഷരങ്ങൾ അതേപോലെ ടൈപ്പ് ചെയ്തു കൊടുക്കുക )
സബ്മിറ്റ് അമർത്തിയാൽ ഒരുപട്ടിക
വരും. അതിൽ നമ്മുടെ
വിവരങ്ങൾക്ക് നേരെയുള്ള
ബട്ടൺ ക്ലിക്ക് ചെയ്യാം.
പി ഡി എഫ് രൂപത്തിൽ
വരുന്ന ഈ സർട്ടിഫിക്കറ്റ്
അമർത്തിയോ പ്രിന്റ് ചെയ്യാം.

–SOORAJ KUMAR S-9C

# അമ്പുകളുടെ മേഘം

പേർഷ്യൻ
ഭരണാധികാരിയായ
സെർക്സസ് ഗ്രീസിനെ ആക്രമിക്കു
കയാണ്. എണ്ണത്തിൽ ഏകദേശം അവരുടെ
പത്തിലൊന്നേയുള്ളൂ ഗ്രീക്ക് സൈന്യം.
ഗ്രീക്ക് പടയെ നയിക്കുന്നത് ലിയോണിഡസ് എന്ന
വീരനാണ്. ഗ്രീസിലെ സ്പാർട്ട് എന്ന കൊച്ചുരാജ്യത്തെ
ഭരണാധികാരിയാണ് ലിയോണിഡസ്.
ബി.സി. 480 ലെ രണ്ടാം പേർഷ്യൻ യുദ്ധമായിരുന്നു അത്.
യുദ്ധം തുടങ്ങി. അതിനിടെ ഒരു പടയാളി ഓടിവന്ന് ലിയേ
ണിഡസിനോടു പറഞ്ഞു:
പേർഷ്യക്കാർ എണ്ണത്തിൽ ഏറെയുണ്ട്. അവരുടെ അമ്പു
കൾ മേഘംപോലെ സൂര്യനെ മറയ്ക്കുകയാണ്.
ധീരനായ ലിയോണിഡസ് ഒട്ടും കുലുങ്ങാതെ പറഞ്ഞു. പ
"അതു നന്നായി. നമുക്കു വെയിൽ കൊള്ളാതെ യുദ്ധം
ചെയ്യാമല്ലോ!"
ഹത്തെ ആദരവോടെ വണങ്ങി.
ആ ആത്മവിശ്വാസം കണ്ട് ഭടൻ അദ്ദേഹത്തെ വണങ്ങി.




-JOYAL BENNY-9A

# Munnu's Idea

*Long ago, a little rabbit named Munnu lived in a forest. One day, Munnu was walking around in the forest, looking for something to eat, when he saw some carrots lying under a tree. Munnu ran to the carrots, and started to eat them. Suddenly, Forlu Fox pounced upon Munnu. "Ha! Ha! I'm going to eat you," Forlu said. Munnu started to tremble with fear. But suddenly he got an idea. He said, "If you let me go, I will show cave where hundreds of rabbits live. You can catch as many rabbits you want, there," Forlu was overjoyed to hear this. Munnu took him to cave and said, "Go inside! There are many rabbits in there." Forlu put Munnu down, and ran into the cave. But the cave was actually Lippo lion's cave. As soon as Forlu entered the cave, Lippo leapt on him. "Help!" cried Forlu. He ran for his life.*

*-Harikrishnan P Sanal -9A*



# THE BALLOON DOLL

***One day,Puffy, the kind puppy***
***was walking along the woods. Sud***
***denly, he heard someone crying. He***
***looked around, and saw a little squirt***
***rel standing beneath a tree. Puffy***
***went to him and asked, "Why are you***
***crying, little squirrel?"***
***"I was playing with my new doll,***
***and a naughty monkey snatched it,***
***and tore it in to pieces," he sobbed.***
***"Don't worry little squirrel, I'll get***
***you another toy." Puffy thought for***
***while. Then, he took a long balloon.***
***He blew it up, twist it a number***
***of times, and turned it into a fluffy***
***puppy doll. He gave it to the squirrel.***
***squirrel thanked Puffy.***
***"Yay! It's so beautiful. I love it!" The sqirrel thanked Puffy.***



*-ALLEN BIJU - 9B*

# TRACK TALK

Let us stop for a rest,
Where the birdsongs are sweetest.
And the streams are clearest,
Let us stop for a rest.
Where the trees are greenest,
And the wild animals are happiest,
Let us stop for a rest.
On the path through the forest,
Then, let us move on with zest,
And leave the green forest,
For the wild animals to take rest.



**KRISHNA MUKESH-9B**



സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂൾ, രാമപുരം

# Interview

അഭിമുഖം

ഗുരുശ്രേഷ്ഠൻ
ശ്രീ. K.M. തോമസുമായി
കുട്ടികൾ നടത്തിയ
അഭിമുഖം.

തയ്യാറാക്കിയത്: ആൻഡ്രൂ ബാജു, ശ്രാവൺചന്ദ്രൻ റ്റി.ജെ., സ്റ്റെബിൻ സജി



നമ്മുടെ സ്കൂളിന്റെ ചാരിത്രത്തെക്കുറിച്ച
മുത്തശ്ശന്മാരിൽ നിന്ന് ഞങ്ങൾ കേട്ടിട്ടുണ്ട് , അല്പം വിശദീകരിക്കാമോ?

തിരുവിതാംകൂർ സംസ്ഥാനത്ത് കുട്ടികളുടെ എണ്ണം വളരെ കുറവായിരുന്നു. കന്യാകുമാരിക്കും തൃശ്ശൂരിനും ഇടയ്ക്കുള്ള മികച്ച സ്കൂളുകളിൽ ഒന്നായിരുന്നു, ഇത്.

ഇന്ന് മിക്ക സ്കൂളുകളിലും വിജയം 100% ആണല്ലോ, അന്നത്തെ വിജയശതമാനം എന്തായിരുന്നു?

ആദ്യകാലങ്ങളിൽ 1980-81, 82 കാലത്ത് 22.5% ആയിരുന്നു. പിന്നീട് 1984-ൽ 75% ആയി
ഉയർന്നു. 13 ഫസ്റ്റ്ക്ലാസ്സും ലഭിച്ചു.

വിജയശതമാനം ഉയർത്തുന്നതിൽ സാറ് എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തത്?

ഉച്ചസമയത്ത് അലഞ്ഞു തിരിയാതെ കുട്ടികളെ പള്ളിയിൽ കൊണ്ടുപോകും, തിരിച്ച കൊണ്ടുവന്ന് ഹാജർനില പരിശോധിക്കും.സ്കൂൾ വിട്ടു പോകാൻ കഴിയാതെ വന്ന പ്പോൾ പലരും പഠിക്കാൻ തയ്യാറായി.

**അന്നിത് സമരങ്ങളുടെ സ്കൂളായിരുന്നല്ലോ?**
**സമരങ്ങളെ എങ്ങിനെയാണ് നേരിട്ടത്?**

**ഒരിക്കൽ സമരവുമായി വന്നവരോട് കർശന നിലപാട് സ്വീകരിച്ചു. പഠിക്കാൻ വന്നവർ പഠിക്കണം, അല്ലാത്തവർ പുറത്തുപോകണം എന്ന് കർശനമായി പറഞ്ഞു. ഉടൻതന്നെ നേതാവ് ക്ലാസ്സിൽ കയറി. നിവൃത്തിയില്ലാതെഅനുയായികളും കയറി. അങ്ങനെ സമരം നിലച്ചു.**

**അദ്ധ്യാപകജീവിതത്തിൽ മാനസികമായി പ്രയാസവും സങ്കടവും ഉണ്ടാക്കിയ അനുഭവങ്ങൾ?**

**രാഷ്ട്രീയമെന്തെന്നോ, സമരമെന്തിനെന്നോ അറിയാതെ കുട്ടികൾ സമരം നടത്തി. പഠിക്കാനാഗ്രഹമുള്ള കുട്ടികളുടെ ഭാവികൂടിനശിപ്പിച്ചു. പഠിച്ച് ഉന്നതനിലയിൽ എത്തിയ രാമപുരംകാർ കുറവാണ് എന്നത് എന്നിവല്ലാതെ വേദനിപ്പിച്ചു. ലക്ഷ്യബോധം ഇല്ലായ്മയാണ് അവരുടെ ഭാവി ഇല്ലാതാക്കിയത്.**

സാറിന് റോൾമോഡൽ ഉണ്ടായിരുന്നോ?

**എന്നെ പഠിപ്പിച്ചിട്ടില്ലെങ്കിലും ഞാൻ പഠിച്ചകോളേജിലെ അദ്ധ്യാപകനെ ഞാൻ എന്റെ റോൾ മോഡലായി സ്വീകരിച്ചു.**

സാറിന്റെ പഠനകാലത്തെക്കുറിച്ച് ഒന്ന് പറയാമോ?

**അന്ന് S.S.L.C അല്ല E.S.L.C ആണ്.അതിലെ ലാസ്റ്റ് ബാച്ച് ആയിരുന്നു. പിന്നെ തിരുച്ചിറപ്പള്ളി സെന്റ് ജോസഫ്സ്, മുംബൈ സെന്റ് സേവ്യേഴ്സിൽ ഡിഗ്രിയും എം. എ. യും നേടി.നിന്നിരുന്നു.എന്റെ വിഷയം ഇംഗ്ലീഷും സാമൂഹ്യശാസ്ത്രവുമായിരുന്നു.**

**എന്നാണ് നമ്മുടെ സ്കൂളിലേക്കെത്തിയത്?**

**1956-ൽ സ്കൂളിൽ അദ്ധ്യാപകനായി. 31 വർഷത്തെ സേവനവും ഇവിടെത്തന്നെയായിരുന്നു. എൻ. സി. സി. ഓഫീസറായിപ്രവർത്തിക്കാനുള്ള ഭാഗ്യവും ലഭിച്ചു.**

**കുട്ടികളെ ശിക്ഷിക്കുന്നതിന് രക്ഷിതാക്കൾ എതിരായിരുന്നോ? അങ്ങിനെ**

എന്തെങ്കിലും സംഭവങ്ങൾ ഓർമ്മയിലുണ്ടോ?

ഒരിക്കൽ മിക്ക ക്ലാസിലെയും കുട്ടികൾസിനിമ കാണാൻ പാലായ്ക്ക് പോയി. രക്ഷിതാക്കളെ കൂട്ടി ക്ലാസ്സിൽ വന്നാൽ മതിയെന്നു പറഞ്ഞു. കുട്ടികൾക്ക് എന്ത് ശിക്ഷയും നൽകുന്നതിനും രക്ഷിതാക്കൾ എതിരല്ലായിരുന്നു.

സാറിന് ഞങ്ങളോടുള്ള ഉപദേശം..

അന്നും ഇന്നും ഒന്നേ പറയാനുള്ളൂ. പഠിക്കാൻ വന്നാൽ പഠിക്കണം. ലക്ഷ്യബോധം മറക്കരുത്.

(രാമപുരം സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ ദീർഘകാലം അധ്യാപകനും ഹെഡ്മാസ്റ്ററുമായിരുന്ന ശ്രീ. കെ.എം. തോമസ് സാർ )



## കാത്തിരിപ്പ്

ഇടവപ്പാതിയിൽ  മഴവെള്ളത്തിൽ
തുള്ളിത്തുള്ളി നടക്കാനായ്
പുത്തൻ കുടയും പുത്തനുടുപ്പും
പുതുവെള്ളത്തിൽ നനയ്ക്കാനായ്
പടപട താളം, മിന്നമിനെ മിന്നും
മിന്നലിലൊന്നു വിറയ്ക്കാനായ്
കാലും നീട്ടിയിരുന്നു ഞാനെൻ
വീട്ടുപടിക്കൽ കൊതിയോടെ
മാനമിരുണ്ടു കറുത്തു തുടങ്ങി
മഴവരുമെന്നു വിചാരിച്ചു.
ഒന്നോ രണ്ടോ ആലികൾ വന്നു
മഴയും കാറ്റും തണലാ
മനസ്സിൽ നിറയും വേദനയോടെ
മഴയെ കുറ്റം പറയുമ്പോൾ
പല്ലില്ലാത്തൊരു മോണകൾ കാട്ടി
മുത്തശ്ശി ചൊല്ലി എന്നോട്
തരുനിരവെട്ടി. വയലുകൾ മൂടി..
പുഴതൻ വയറു തുരന്നു നാം
മണ്ണിനെയിങ്ങനെ നോവിപന്നാൽ
മഴനിലാ ഉപാന്ന്...
മണ്ണിന്റെ ഉത്തരങ്ങൾ നേടിയിട്ടും
മഴയും പുഴയും കുളിക്കുന്നു.

-കോളിൻ ജിമ്മി ( 9B )




Thank
you!!